LIBRARY ARCHIVES Kerala Legislative Assembly

കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷൻ കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ

129 (3761) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഫിഷറീസ് വകുപ്പിന്റെ കീഴിൽ കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപ്പറേഷൻ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; നടപ്പിലാക്കുന്ന പ്രവൃത്തികളും അനുവദിച്ച തുകയും വിശദമാക്കുമോ ?

ഉത്തരം

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഓഷ്യനേറിയം പദ്ധതി

130 (3762) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട ഓഷ്യനേറിയം പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(ബി) ആദ്യമായി ആഗോള ടെണ്ടർ വിളിച്ചതെന്നാണ് ; ഇതിനുശേഷം ഏതെല്ലാം തീയതികളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കുവാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷനെ പദ്ധതിയുടെ ബിഡ് മാനേജരായി നിയമിച്ചു .

2. മഹീന്ദ്ര കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് ലിമിറ്റഡ് പദ്ധതിക്ക് വിശദമായ ടെക്നോ ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി .

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. പുളുവയ്പിനിൽ റവന്യൂ വകുപ്പിൽ നിന്ന് 50 ഏക്കർ ഭൂമി ഫിഷറീസ് വകുപ്പിന് കൈമാറ്റം ചെയ്ത് ലഭിച്ചു.

4. പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ അനുമതി തദ്ദേശഭരണ സ്ഥാപനത്തിൽനിന്നും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ലഭ്യമാക്കി

5. പരിസ്ഥിതി ആഘാത പഠനം, കേന്ദ്ര ഗവൺമെന്റ് അക്രഡിറ്റ് ഏജൻസിയായ വിസൻ ലാബിനെക്കൊണ്ട് നടത്തിച്ച് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് (ഇ.ഐ.എ.)ലഭ്യമാക്കി.

6. തീരദേശ പരിപാലന നിയമപ്രകാരമുള്ള അനുമതിക്കുവേണ്ടി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് (KCZMA) അപേക്ഷ സമർപ്പിക്കുകയും അതോറിറ്റിയുടെ മുമ്പാകെ പഠന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

7. പാരിസ്ഥിതിക അനുമതിക്കുവേണ്ടി State Level Environment Impact Assessment Authority (SLEIAA)-ക്ക് അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിച്ചു

8. ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (JICA)-യിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ആദ്യമായി ആഗോള ടെണ്ടർ വിളിച്ചത് 20-7-2011-ലാണ്. അതിനുശേഷം സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പാരിസ്ഥിതിക അനുമതിയും തീരദേശ പരിപാലന നിയമപ്രകാരമുള്ള അനുമതിയും ലഭിക്കാനുണ്ട്.

(ഡി) പാരിസ്ഥിതിക അനുമതിയും തീരദേശ പരിപാലന നിയമപ്രകാരമുള്ള അനുമതിയും ലഭിച്ചതിനുശേഷം ആഗോള ടെണ്ടർ ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.